(സി) നിരത്തുകളും പാലങ്ങളും വിഭാഗം

1 തൈക്കാട്ടുശ്ശേരി പാലം : ധൃതിഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 50% പണി പൂർത്തിയായി.

2 മാക്കേക്കടവ് പാലം : പാലം പണിയുടെ ഡിസൈൻ തയ്യാറാക്കുവാൻ കാലതാമസം വന്നതുകൊണ്ട് പുറത്തുള്ള ഏജൻസിയെ കൊണ്ട് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ 09/2013-ൽ കോട്ടയം കളക്ടർക്കും ആലപ്പുഴ കളക്ടർക്കും നൽകിയിട്ടുണ്ട്. തുറവൂർ പമ്പ റോഡ് പണി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

3 വാകയിൽ പാലം : പ്രസ്തുത പണിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യം അനുവദിച്ച 100 ലക്ഷം രൂപ അപര്യാപ്തമാണ്. ആകയാൽ റിവൈസ്ഡ് ഭരണാനുമതി ആവശ്യമാണ്.

തൈക്കാട്ടുശ്ശേരി പാലം സ്ഥലം എടുക്കൽ : പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ദേശീയപാതാ വിഭാഗം

പ്രവൃത്തികൾ ടെണ്ടർ ചെയ്തു.

കെട്ടിട വിഭാഗം

അനുബന്ധം* 2 ആയി ചേർത്തിരിക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

374 (1445) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും പ്രവർത്തനം നടന്നുവരുന്നതുമായ റോഡ്, പാലം, കെട്ടിടം പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും തുടങ്ങാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ലഭിക്കാത്തതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ ;

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?



ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗം

അനുബന്ധമായി* ചേർത്തിരിക്കുന്നു.

കെട്ടിട വിഭാഗം

1. ഗവ. യു.പി. സ്കൂൾ വട്ടോളി-കുറ്റ്യാടിയുടെ നിർമ്മാണം

2. ഗവ. യു.പി. സ്കൂൾ പൈങ്ങോട്ടിയുടെ നിർമ്മാണം

കെ.എസ്.റ്റി.പി.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കുറ്റ്യാടി-കെല്ലൂർ റോഡ് 5 വർഷത്തെ ദീർഘപരിപാലന വ്യവസ്ഥയോടെ ഉപരിതലം പുതുക്കി പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗം

പ്രവൃത്തികൾ ഒന്നുമില്ല.

കെട്ടിട വിഭാഗം

ഗവ. കോളേജ് മൊകേരിയിൽ ജെൻഡർ ഫ്രണ്ട്ലി ടോയ്ലറ്റിന്റെ നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പണി ടെണ്ടർ ചെയ്തപ്പോൾ കരാർ ഏറ്റെടുക്കുവാൻ ആരും ഇല്ലാതിരുന്നതിനാൽ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) നിരത്തുകളും പാലങ്ങളും വിഭാഗം

പ്രവൃത്തികൾ ഒന്നുമില്ല.

കെട്ടിട വിഭാഗം

ഗവ. കോളേജ് മൊകേരിയിൽ ചുറ്റുമതിൽ നിർമ്മാണം. ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കിവരുന്നു.

(ഡി) നിരത്തുകളും പാലങ്ങളും വിഭാഗം

അപ്ഗ്രഡേഷൻ പ്രവൃത്തി-കല്ലാച്ചി-വളയം ചുഴലി-പുതുക്കയം റോഡ് 4/700 മുതൽ 11/400 (600 ലക്ഷം) പുനരുദ്ധാരണ പ്രവൃത്തി-ബി.എം. ബി.സി. പ്രവൃത്തി-കല്ലാച്ചി-വളയം ചുഴലി-പുതുക്കയം റോഡ് 0/000 മുതൽ 4/700 (500 ലക്ഷം)

കെട്ടിട വിഭാഗം

മോഡൽ റസിഡൻഷ്യൽ സ്കൂൾ മരുതോങ്കരയുടെ കെട്ടിട നിർമ്മാണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിരത്തുകളും പാലങ്ങളും വിഭാഗം

വില്ല്യാപ്പള്ളി-ആയഞ്ചേരി റോഡ്- 360 ലക്ഷം

കെട്ടിട വിഭാഗം

1. കുറ്റ്യാടിയിലെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം.

2. ഗവ. കോളേജ് മൊകേരിയുടെ അക്കാഡമിക് കം-അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മാണം.

3. ഗവ. കോളേജ് മൊകേരിയുടെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം.

4. ഗവ. കോളേജ് മൊകേരിയിലെ ചുറ്റുമതിലിന്റെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണം.

**ചടയമംഗലം മണ്ഡലത്തിലെ മരാമത്തുപ്രവൃത്തികൾ**

375 (1446) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തുവകുപ്പുമുഖേന 2011 ജൂൺ മുതൽ 2013 ഡിസംബർ വരെ ഏറ്റെടുത്തുനടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം തുക ഉൾപ്പെടെ ലഭ്യമാക്കാമോ ;

(ബി) ഇപ്പോൾ പ്രവൃത്തി നടന്നുവരുന്ന റോഡുകളുടെ പേരുവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗം

2011-12 വർഷത്തിൽ പദ്ധതി ഇതര ഇനത്തിൽ 33 വർക്കുകൾക്കുമായി 610.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി വർക്കുകൾ നടപ്പിലാക്കുകയും ചെയ്തു. 2011-12 വർഷത്തിൽ പദ്ധതി ഇനത്തിൽ 2 വർക്കുകൾക്കായി 780 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തു. 2012-13 വർഷത്തിൽ പദ്ധതി ഇതര ഇനത്തിൽ 43 വർക്കുകൾക്കുമായി 718 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തു. 2012-13 വർഷത്തിൽ പദ്ധതി ഇനത്തിൽ 2 വർക്കുകൾക്കായി 643 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തു. 2013-14-ൽ പദ്ധതി ഇതര ഇനത്തിൽ 31 വർക്കുകൾക്കായി 490 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവ നടപ്പിലാക്കിവരുന്നു. 2013-14-ൽ പദ്ധതി ഇനത്തിൽ ഒരു വർക്കിന് 175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly